# വൈദ്യുതി ബോർഡിലെ ക്രമക്കേടുകളിൽ വിജിലൻസ് അന്വേഷണം

**കെഎസ്ഇബി തലപ്പത്തെ പ്രമുഖർ അന്വേഷണ പരിധിയിൽ**

**രതീഷ് രവി**

കൊല്ലം

▸വൈദ്യുതി ബോർഡിൽ അടുത്തകാലത്തുണ്ടായ അഴിമതി ആരോപണങ്ങളിൽ വിജിലൻസ് അന്വേഷണം. കെഎസ്ഇബി വിജിലൻസ് വിഭാഗത്തിലെ എസ്പി തസ്തിക ഒഴിവാക്കിയതടക്കമുള്ള സംഭവങ്ങളാണ് അന്വേഷിക്കുന്നത്. ബോർഡ് തലപ്പത്തെ പ്രമുഖർ അന്വേഷണപരിധിയിൽ വരും. ഒഴിവാക്കാൻ ബോർഡ് തീരുമാനിച്ച വിജിലൻസ് എസ്പി തന്നെയാണ് അന്വേഷണത്തിന് നിയോഗിക്കപ്പെട്ടിരിക്കുന്നതെന്ന പ്രത്യേകതയുമുണ്ട്.

28 വർഷംമുൻപ് 6.4 കോടി രൂപ കോടതി നഷ്ടപരിഹാരം വിധിച്ച കേസ്, വൈദ്യുതി ബോർഡ് 3.74 കോടിക്ക് തീർപ്പാക്കിയതടക്കം ഒരു ജീവനക്കാരൻ നൽകിയ പരാതിയിലാണ് അന്വേഷണം. മുഖ്യമന്ത്രിക്കും വൈദ്യുതിമന്ത്രിക്കും നൽകിയ പരാതി താഴേക്ക് കൈമാറിയാണ് വിജിലൻസ് നടപടിയിലേക്ക് എത്തിയത്. കെഎസ്ഇബി ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിൽനിന്ന്, കഴിഞ്ഞദിവസം വിജിലൻസ് വിവരങ്ങൾ ശേഖരിച്ചു. പരാതിക്കാരന്റെ വിശദമായ മൊഴി രേഖപ്പെടുത്തി. ഇയാൾ നൽകിയ രേഖകളും കൊണ്ടുപോയി. കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ പ്രസിദ്ധീകരിച്ച അന്തസ്സംസ്ഥാന പ്രസരണ നിരക്കുകളും നഷ്ടങ്ങളും പങ്കിടുന്നതിനുള്ള കരട് രേഖയ്ക്കെതിരേ ആക്ഷേപം സമർപ്പിക്കാതിരുന്നതുവഴി ബോർഡിന് 1,400 കോടി നഷ്ടമുണ്ടാക്കിയതായി പരാതിയിൽ പറയുന്നു.

28 വർഷം മുൻപത്തെ കേസ് ഒത്തുതീർപ്പാക്കി എതിർകക്ഷിയായ കരാറുകാരന്റെ തിരുവനന്തപുരം നഗരത്തിലെ കോടികൾ വിലവരുന്ന ഭൂമി തിരികെക്കൊടുത്തത് വിവാദമായിരുന്നു. നവംബർ ഏഴിന് ബോർഡ് ഇതുസംബന്ധിച്ച് തീരുമാനമെടുത്തെങ്കിലും ഡിസംബറിലാണ് ഉത്തരവിറക്കിയത്. ഉത്തരവിൽ ഒപ്പിട്ട ഉന്നതോദ്യോഗസ്ഥയെ വിജിലൻസ് വിളിപ്പിച്ചിട്ടുണ്ടെന്നാണ് വിവരം.

വിജിലൻസ് വിഭാഗത്തിലെ എസ്പി തസ്തിക ഒഴിവാക്കാൻ, അടുത്തിടെ ബോർഡ് എടുത്ത തീരുമാനം വിവാദമായതിനെ തുടർന്ന് തത്കാലം മരവിപ്പിച്ചിരിക്കുകയാണ്.

കെഎസ്ഇബിയുടെ തലപ്പത്തെ പ്രമുഖർവരെ പ്രതിസ്ഥാനത്തുവന്ന കേസുകളെപ്പറ്റി പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനെ ഒഴിവാക്കുന്നതിൽ ഗൂഢാലോചന ആരോപിച്ച് ജീവനക്കാരുടെ സംഘടനകൾ രംഗത്തുവന്നിരുന്നു. മുഖ്യമന്ത്രിയുടെ അധികാരപരിധിയിൽ വരുന്ന വിജിലൻസ് തസ്തികകൾ ഒഴിവാക്കിയതിൽ പോലീസ് ഓഫീസേഴ്സ് അസോസിയേഷനിലും അതൃപ്തി പുകഞ്ഞിരുന്നു.

മാധ്യമം

# ‘കെ.എസ്.ഇ.ബി: നടപടി അന്വേഷിക്കണം’

**തിരുവനന്തപുരം:** നിയമപ്രകാരം കെ.എസ്.ഇ.ബിക്ക് ലഭിച്ച കോടികളുടെ ചുളുവിലയ്ക്ക് വിറ്റതിൽ ചെയർമാൻ ഉൾപ്പടെയുള്ള ഡയറക്ടർമാരുടെ പങ്ക് വിജിലൻസ് അന്വേഷിക്കണമെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ് ആവശ്യപ്പെട്ടു. കക്കാട് പദ്ധതി പ്രവർത്തന കരാറിന്റെ ഭാഗമായി കോൺട്രാക്ടിൽ നിന്ന് കെ.എസ്.ഇ.ബിക്ക് ലഭിക്കേണ്ടുന്ന 29 ലക്ഷത്തിന്റെ നഷ്ടം സംബന്ധിച്ച വ്യവഹാരം സുപ്രീംകോടതിയിൽ എത്തി കെ.എസ്.ഇ.ബിക്ക് അനുകൂലമായി വിധിയുണ്ടായി. 1997ൽ 6.74 കോടി ലഭിക്കേണ്ടുന്ന വസ്തു 2024ൽ 3.40 കോടി രൂപക്ക് വിറ്റതിൽ വൻ അഴിമതി നടന്നതായി അദ്ദേഹം പറഞ്ഞു.



# കെഎസ്ഇബിഎല്ലിന്റെ വസ്തു വിറ്റ നടപടി വിജിലൻസ് അന്വേഷിക്കണം: ഐഎൻടിയുസി

തിരുവനന്തപുരം: നിയമ പ്രകാരം കെഎസ്ഇബിക്ക് ലഭിച്ച കോടികളുടെ വസ്തു വിറ്റതിലെ അഴിമതിയിൽ ചെയർമാൻ ഉൾപ്പടെയുള്ള ഡയറക്ടേഴ്സിന്റെ പങ്ക് വിജിലൻസ് അന്വേഷിക്കണമെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ് ആവശ്യപ്പെട്ടു.

1997ൽ 6.74 കോടി രൂപ ലഭിക്കേണ്ടുന്ന വസ്തു 2024ൽ 3.40 കോടി രൂപക്ക് വിറ്റതിൽ വൻ അഴിമതി നടത്തിയിട്ടുണ്ട്. നിലവിലെ വിലയനുസരിച്ച് പലിശ കണക്ക് കൂട്ടിയാലും 40 കോടി രൂപ കിട്ടേണ്ട വസ്തു 3.40 കോടി രൂപക്ക് നൽകിയതിൽ വൻ അഴിമതിയുണ്ടെന്നും ചെയർമാൻ, ഡയറക്ടേഴ്സ്, സെക്രട്ടറി ഉൾപ്പടെയുള്ളവർ ഇതിൽ കക്ഷികളാണെന്നും സർക്കാർ കമ്പനിയായ കെഎസ്ഇബിയുടെ വസ്തു സർക്കാർ ഉത്തരവില്ലാതെ മൂന്നാമതൊരാൾക്ക് കൊടുത്തതിന് പിന്നിൽ വൻ സാമ്പത്തിക താൽപര്യമാണെന്നും സംശയിക്കുന്നതായി അദ്ദേഹം ആരോപിച്ചു.

കേരള കൗമുദി
Epaper
29 Apr 2025

# കോടികളുടെ ഭൂമി നിസാരവിലയ്ക്ക് മറിച്ചുവിറ്റ് കെ.എസ്.ഇ.ബി



## ■ ക്രമക്കേട് സർക്കാർ അന്വേഷിച്ചേക്കും

▸പി.എച്ച്.സനൽകുമാർ




തിരുവനന്തപുരം: കോടതി ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി ഏറ്റെടുത്ത കോടികൾ വിലയുള്ള ഭൂമി നിസാരവിലയ്ക്ക് രഹസ്യമായി കെ.എസ്.ഇ.ബി മറിച്ചുവിറ്റു.

തിരുവനന്തപുരം നഗരത്തിൽ റിസർവ് ബാങ്കിനടുത്തുള്ള 30 സെന്റ് ഭൂമിയാണ് രഹസ്യമായി മറിച്ചുകൊടുത്തത്. ഇതിന് കേവലം 3.74 കോടിയാണ് വാങ്ങിയത്. സർക്കാർ നിശ്ചയിച്ച വില തന്നെ സെന്റിന് അൻപത് ലക്ഷത്തോളമുണ്ട്. ഭൂമി കൈമാറ്റത്തിന് സംസ്ഥാന സർക്കാരിന്റെ അനുമതി വേണമെന്നാണ് ചട്ടം.

സർക്കാരിനെ അറിയിക്കാതെയും ഡയറക്ടർ ബോർഡ് ഉത്തരവിൽ സർവേ നമ്പറും ഭൂമിയുടെ വിസ്തൃതിയും സൂചിപ്പിക്കാതെയും ഗോപ്യമായാണ് സ്ഥലം മറിച്ചുവിൽപനയ്ക്ക് അനുമതി നൽകി കെ.എസ്.ഇ.ബി ഉത്തരവിറക്കിയത്. ഈ ഭൂമി കെ.എസ്.ഇ.ബി.ക്ക് കിട്ടാനുള്ള 6.42 കോടി രൂപ ഈടാക്കാനായി 1994ലെ കോടതി വിധിയനുസരിച്ചാണ് ഏറ്റെടുത്തത്. അതിന് ശേഷമുള്ള പലിശയും മറ്റ് ചെലവുകളുമടക്കം കെ.എസ്.ഇ.ബി.ക്ക് പത്തുകോടിയോളം രൂപ കിട്ടേണ്ടതാണ്. അതുപോലും ഈടാക്കാതെയാണ് സ്വകാര്യവ്യക്തികൾക്ക് മറിച്ചുവിറ്റത്.

പത്തനംതിട്ടയിലെ കക്കാട് ജലവൈദ്യുത പദ്ധതിയുടെ കരാർ ഏറ്റെടുത്ത ജി.ഗോപിനാഥ് എന്ന കോൺട്രാക്ടറുടേതായിരുന്നു ഈ ഭൂമി. 1980ൽ കെ.എസ്.ഇ.ബി.യിൽ നിന്ന് 39 ലക്ഷം രൂപ കക്കാട് പദ്ധതിക്കായി മുൻകൂർ കൈപ്പറ്റിയ ഗോപിനാഥ് 1981ൽ കരാറിൽ നിന്ന് പിൻമാറി. നിർമ്മാണത്തിനായി കേവലം 10 ലക്ഷം രൂപയാണ് ചെലവാക്കിയതെന്നും ബാക്കി 29 ലക്ഷം രൂപ തിരിച്ചു നൽകണമെന്നും കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടു. എന്നാൽ ഗോപിനാഥ് വഴങ്ങിയില്ല. തുടർന്ന് നടന്ന നിയമനടപടിയിൽ ഗോപിനാഥ് കെ.എസ്.ഇ.ബി.ക്ക് 6.42 കോടി രൂപ നൽകണമെന്ന് 1994ൽ ഹൈക്കോടതി വിധിച്ചു. ഈ നടപടിയുടെ ഭാഗമായാണ് ഗോപിനാഥിന്റെ തിരുവനന്തപുരം നഗരത്തിലെ 30 സെന്റ് വസ്തു അന്ന് കെ.എസ്.ഇ.ബി ജപ്തി നടത്തി ഏറ്റെടുത്തത്. ഇതിനെതിരെ ഗോപിനാഥ് സുപ്രീംകോടതിയെ സമീപിച്ചെങ്കിലും വിധി കെ.എസ്.ഇ.ബി.ക്ക് അനുകൂലമായിരുന്നു. ഇതിനിടയിൽ ഗോപിനാഥ് മരിച്ചു.

പത്തനംതിട്ട ജില്ലയിലെ ശബരിഗിരി പദ്ധതിയുടെ വൈദ്യുതി ഉത്പാദനത്തിന് ശേഷം പുറംതള്ളുന്ന വെള്ളം മൂഴിയാർ ഡാമിൽ സംഭരിച്ചുനിർത്തി ഭൂഗർഭ തുരങ്കത്തിലൂടെ സീതത്തോട്ടിലെത്തിച്ചാണ് കക്കാട് പവർഹൗസിൽ വൈദ്യുതി ഉത്പാദനം നടത്തുന്നത്. 1999ലാണ് കമ്മിഷൻ ചെയ്തത്.

മാതൃഭൂമി E-PAPER

Download Image
Image View
Save as favourite

# വൈദ്യുതി ബോർഡിലെ ക്രമക്കേടുകൾ പോലീസ് വിജിലൻസ് അന്വേഷിക്കണം-ഐഎൻടിയുസി

**കൊല്ലം▸** 28 വർഷംമുൻപ് 6.4 കോടി രൂപ കോടതി നഷ്ടപരിഹാരം വിധിച്ച കേസ്, വൈദ്യുതി ബോർഡ് 3.74 കോടിക്ക് തീർപ്പാക്കിയതിലെ അഴിമതി പോലീസ് വിജിലൻസ് അന്വേഷിക്കണമെന്ന് ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) ആവശ്യപ്പെട്ടു. ഒത്തുതീർപ്പ് കരാറിൽ ഏർപ്പെട്ട ചെയർമാൻ അടക്കമുള്ള ഉന്നതർക്ക് പുനർനിയമനം നൽകാൻ നീക്കം നടക്കുന്നതായി ഐഎൻടിയുസി ആരോപിച്ചു. ഇത് ബോർഡിനോടും ജനങ്ങളോടുമുള്ള വെല്ലുവിളിയാണെന്ന് സംസ്ഥാന വർക്കിങ് പ്രസിഡൻറ് സിബിക്കുട്ടി ഫ്രാൻസിസ് പറഞ്ഞു.